പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1755

08.06.18 - ൽ മറുപടിക്ക്.

## കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന ശൃംഖല വിപുലപ്പെടുത്തുവാൻ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അനിൽ അക്കര | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീ ഉല്പന്നങ്ങളുടെ വിപണന ശൃംഖല വിപുലപ്പെടുത്തുവാൻ നൂതന വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) കുടുംബശ്രീ ഉല്പന്നങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (ബി) കുടുംബശ്രീ ഉത്പന്നങ്ങളുടെ ഓൺലൈൻ വിപണനം ലക്ഷ്യമാക്കി 21/2/2018-ൽ www.kudumbashreebazaar.com എന്ന പേരിൽ ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇൻഡ്യയിൽ എവിടെയും തെരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ ഉൽപ്പന്നങ്ങൾ ഈ വിധം ലഭ്യമാകുന്നതാണ്. |
| (സി) ഏതൊക്കെ ഉല്പന്നങ്ങളാണ് ഓൺലൈൻ വഴി ലഭ്യമാക്കുകയെന്നും, അതിന്റെ സാദ്ധ്യതകൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (സി) തെരഞ്ഞെടുക്കപ്പെട്ടതും ഏറ്റവും ഗുണമേന്മയുള്ളതുമായ സംരംഭകരുടെ 452 ഉത്പന്നങ്ങളാണ് പോർട്ടൽ വഴി വിപണനത്തിനായി ഒരുക്കിയിട്ടുള്ളത്. നിത്യോപയോഗ സാധനങ്ങൾ, കാലാവധി അധികമുള്ള ഉത്പന്നങ്ങൾ എന്നിവയാണ് ഈ പോർട്ടലിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. ഭക്ഷ്യോത്പന്നങ്ങൾ, കരകൗശല വസ്തുക്കൾ, ബാഗുകൾ, ചെരുപ്പ്, ആഭരണങ്ങൾ, സോപ്പ്, ടോയിലറ്ററീസ് തുടങ്ങിയ വസ്തുക്കൾ മുതലായവയാണ് വിപണനം ചെയ്യുന്ന പ്രധാന വസ്തുക്കൾ. വിവിധ മേളകളിൽ കൂടുതൽ വിറ്റഴിയുന്ന ഉൽപ്പന്നങ്ങളും അന്യസംസ്ഥാന മലയാളികൾക്ക് താത്പര്യമുള്ള ഉൽപ്പന്നങ്ങളുമാണ് പോർട്ടലിൽ പ്രദർശിപ്പിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് പ്രത്യേകമായി പഠനം നടത്തിയിട്ടില്ല. |
| (ഡി) കുടുംബശ്രീ ഉല്പന്നങ്ങൾ പ്രത്യേക ബ്രാൻഡ് ആയി വിപണനം ചെയ്യുന്ന കാര്യം പരിഗണിക്കുമോ? | (ഡി) കുടുംബശ്രീ ഉത്പന്നങ്ങൾ പ്രത്യേക ബ്രാന്റായി വിപണനം ചെയ്യുന്നത് സംബന്ധിച്ച് പ്രാരംഭ ഘട്ട ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ